| ഫൈനാർട്സ് ക്ലബ്ബ് സെക്രട്ടറി | : | മുഹമ്മദ് അബ്ദുൽ നാസിർ എൻ. ട്ടി. |
| സ്റ്റുഡൻറ് എഡിററർ | : | ബഷീർ എം. പി. |
| ജനറൽ ക്യാപ്ററൻ | : | ഉസ്മാൻ കോഴിശ്ശേരി |

### അസോസിയേഷൻ സെക്രട്ടറിമാർ

| | | |
|---|---|---|
| ഇക്കണോമിക്സ് | : | മൊയ്തീൻകോയ എം. ബി. |
| ഇംഗ്ലീഷ് | : | അബ്ദുൽ നാസിർ ട്ടി. |
| ഇസ്ലാമിക്സ് | : | അബ്ദുർറഹിമാൻ സി. |
| കെമിസ്ട്രി | : | അബ്ദുർറഹീം എ. കെ. |
| കൊമേഴ്സ് | : | ഇമ്പിച്ചിക്കോയ ഇ പി. |
| ഫിസിക്സ് | : | രഞ്ജിത് നായർ |
| ബോട്ടണി | : | സലീം യു. എസ്. |
| മാത്തമാററിക്സ് | : | രാജീവ് പി. |
| സുവോളജി | : | മുഹമ്മദ് അയ്യൂബ് ഇ. പി. |

### ക്ലാസ്സ് പ്രതിനിധികൾ

| | | | |
|---|---|---|---|
| I | പി.ഡി.സി. | : | ബഷീർ പി. |
| II | പി.ഡി.സി. | : | അബ്ദുൽ കരീം ഇ. വി. |
| I | ഡി.സി. | : | മുഹമ്മദ് ഷെരീഫ് ഒ. |
| II | ഡി.സി. | : | ലുക്മാൻ പി. |
| III | ഡി.സി. | : | അബൂസാലിഹ് സി വി. |
| | പി ജി. | : | ജമാലുദ്ദീൻ കെ. പി. |

സ്ററാഫ് അഡ്വൈസറായി പ്രൊ: മുഹമ്മദ് ഹസ്സനെ പ്രിൻസിപ്പൽ നോമിനേററു ചെയ്തു.

2-12-82 നു ചേർന്ന കോളേജ് യൂനിയൻ കൗൺസിലിൽ വെച്ചു മൊയ്തീൻകോയ എം. ബി. അബ്ദുൽ റഹീം എ. കെ. ഇമ്പിച്ചിക്കോയ ഇ. പി. എന്നിവർ എക്സിക്യൂട്ടീവിലേക്കു തെരഞ്ഞെടുക്കപ്പെട്ടു.

### യൂനിയൻ ഉൽഘാടനം

1982 ജനവരി 13–ാനു- വൈകു: 3 മണിക്കു കോളജ് യൂനിയൻ, ഫൈനാർട്സ് അസോസിയേഷൻ എന്നിവയുടെ ഔപചാരികമായ ഉൽഘാടനം യഥാക്രമം പ്രശസ്ത സാഹിത്യകാരന്മാരായ കോവിലൻ, എൻ. പി. മുഹമ്മദ് എന്നിവർ നിർവ്വഹിച്ചു.

ചെയർമാൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊ: എ. പി. പി. നമ്പൂതിരി, പ്രൊ: മുഹമ്മദ് ഹസ്സൻ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

സാംസ്ക്കാരിക കേരളത്തിൻെറ അഭിമാന സ്തംഭങ്ങളായ വൈക്കം മുഹമ്മദു ബഷീർ, വൈലോപ്പിള്ളി ശ്രീധരമേനോൻ എന്നിവരുടെ ആശംസാ പത്രങ്ങൾ ചടങ്ങിൽ കാദർ മാങ്ങാട് വായിക്കുകയുണ്ടായി.

കോളജിലെ സാഹിത്യവേദി നമ്മുടെ കോളേജിലെ വളരുന്ന പ്രതിഭകളുടെ സൃഷ്ടികൾ ഉൾക്കൊള്ളിച്ചുകൊണ്ടു പ്രസിദ്ധികരിച്ച 'ഹരിശ്രീ' ഇൻലൻറു മാഗസിൻ പ്രകാശനമായിരുന്നു പരിപാടിയിലെ ശ്രദ്ധേയമായ ഒരിനം. കോവിലൻ 'ഹരിശ്രീ'യുടെ ഒരു പ്രതി പ്രിൻസിപ്പലിനു നൽകികൊണ്ടു് പ്രകാശനം നിർവ്വഹിച്ചു.

യോഗത്തിൽ പ്രിൻസിപ്പൽ സ്വാഗതം പറയുകയും ഫൈനാർട്സ് സെക്രട്ടറിയുടെ പ്രസംഗത്തിനുശേഷം സെക്രട്ടറി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

### ഡ്രാമാററിക് ക്ലബ്ബ് രൂപീകരണം

ഫൈനാർട്സ് സെക്രട്ടറിയുടെയും ഫൈനാർട്സ് ഡയരക്ടർ കെ. എസ്. കുര്യൻ എന്നിവരുടെയും നേതൃത്വത്തിൽ കോളേജ് ഡ്രാമാററിക് ക്ളബ്ബ് രൂപികരിച്ചു.

### ഓർകെസ്ട്രാ ടീം രൂപീകരണം

ഫൈനാർട്സ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ കോളേജിലെ ഏററവും നല്ല ഗായികാഗായകന്മാരും ഉപകരണ സംഗീത വിദ്വാൻമാരുമടങ്ങുന്ന കോളേജ് ഓർക്കെസ്ട്രാ ടീം രൂപീകരിച്ചു.

## യൂനിയൻ പ്രവർത്തനങ്ങൾ

### മനുഷ്യാവകാശദിനാചരണം

1981 ഡിസം: 10 നു കോളജ് ഓഡിറേറാറിയത്തിൽ വെച്ചു മനുഷ്യാവകാശദിനം സമുചിതമായി ആഘോഷിച്ചു.

പരിപാടിയിൽ അബ്ദുസ്സലാം (ഫാറൂക് ട്രെയിനിംഗ് കോളേജ്) മുഖ്യാതിഥി ആയിരുന്നു. പ്രൊ: എ. പി. പി. നമ്പൂതിരി യോഗത്തിൽ അദ്ധ്യക്ഷത

വഹിച്ചു. 'മനുഷ്യാവകാശദിന'ത്തിന്റെ പ്രസക്തിയെക്കുറിച്ചു വിദ്യാർത്ഥികളിൽ പലരും സംസാരിച്ചു.

സെക്രട്ടറി സ്വാഗതവും ചെയർമാൻ നന്ദിയും പ്രകാശിപ്പിക്കുകയുണ്ടായി.

## റിപ്പബ്ലിക്ദിനാഘോഷം

കഴിഞ്ഞ കുറേക്കാലമായി ദേശീയ പ്രധാന്യമുള്ള ദിനാചരണങ്ങൾ കോളേജ് യൂനിയനുകൾ അറിയാതെ കടന്നുപോവുക എന്ന പതിവിനു വിപരീതമായി ഈ വർഷത്തെ റിപ്പബ്ളിക് ദിനം സാഘോഷം കൊണ്ടാടാൻ ഈ യൂനിയനു കഴിഞ്ഞു.

റിപ്പബ്ളിക് ദിനത്തിൽ ഓഡിറേറാറിയത്തിൽവെച്ചു നടന്ന ചടങ്ങിൽ ബഹു: പ്രിൻസിപ്പൽ ആദ്ധ്യക്ഷം വഹിച്ചു.

"ഇന്ത്യാ റിപ്പബ്ലിക് നേരിടുന്ന പ്രശ്നങ്ങൾ" എന്ന വിഷയത്തെ പുരസ്ക്കരിച്ച പ്രൊ, വി. ജി. കെ. നായർ, പ്രൊഫ: മുഹമ്മദ് ഹസൻ, പ്രൊ. കെ. എ. കരീം, പി. പി. ഷാഹുൽ ഹമീദ് എന്നീ അദ്ധ്യാപകരും വ്യത്യസ്ത വിദ്യാർത്ഥി സംഘടനകളെ പ്രതിനിധീകരിച്ച വിദ്യാർത്ഥി നേതാക്കളും സംസാരിക്കുകയുണ്ടായി.

പരിപാടിയിൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. സ്റ്റുഡൻറ് എഡിററർ നന്ദി പ്രകാശിപ്പിച്ചു.

## ചാലിയാർ പ്രശ്നം

നീണ്ട 19 വർഷക്കാലമായി തങ്ങളുടെ കുടിവെള്ളത്തിലും ശ്വസിക്കുന്ന വായുവിലും വിഷം കലർത്തുന്ന മാവൂർ ഫാക്ടറി മാനേജ്മെൻറിനെതിരെ ചാലിയാർ തീരവാസികൾ നിതാന്ത സമരത്തിലാണ്. അധികൃതരുടെ മർക്കടമുഷ്ടിമൂലം വിജയം മരീചികയായിരിക്കുന്ന അവസരത്തിൽ മാനുഷികമൂല്യങ്ങളുടെ സംരക്ഷണത്തിനായി ഈ വർഷത്തെ കോളേജ് യൂനിയൻ ആ ധർമ്മ സമരത്തിൽ പങ്കുചേരുകയുണ്ടായി.

ജന: 4-ാംനു കോളേജ് യൂനിയന്റെ നേതൃത്വത്തിൽ 150 ഓളം വിദ്യാർത്ഥികൾ മാവൂർ ഗ്വാളിയോർ റയോൺസിലേക്ക മാർച്ചു ചെയ്തു. സമാധാനപരമായി മുദ്രാവാക്യം വിളിച്ചു പ്രകടനമായി നീങ്ങിയ വിദ്യാർത്ഥികളെ ഫാക്ടറി മുതലാളിയുടെ ഗുണ്ടകൾ നിഷ്ക്കരുണം ആക്രമിക്കുകയും ആക്രമത്തിൽ ചെയർമാനും, അനിൽകുമാർ, ബഷീർ, ബീരാൻ എന്നീ വിദ്യാർത്ഥികൾക്കു പരിക്കേല്ക്കുകയുമുണ്ടായി.

തുടർന്നു 'ചലിയാർ ജലവായു സംരക്ഷണസമിതി' യുടെ ആഭിമുഖ്യത്തിൽ നടന്ന ലോംഗ് മാർച്ചിലും ഫാക്ടറി പടിക്കൽ നടന്ന ധർണ്ണയിലും ഈ യൂനിയൻ സജീവമായ വിദ്യാർത്ഥി പങ്കാളിത്തത്തിലൂടെ സഹകരിക്കുകയുണ്ടായി.

ഈ സംഭവങ്ങളെത്തുടർന്നു ചാലിയാർ സമരം ഒരു പുതിയ വഴിത്താരയിലേക്ക നീങ്ങുകയും ഇവിടുന്നു മുഴക്കിയ ശബ്ദത്തിന്റെ മാറെറാലി ഇന്ത്യൻപാർലിമെൻറിൽ മുഴങ്ങുകയുമുണ്ടായി എന്നതു അഭിമാനകരമായ വസ്തുതകളത്രെ!

ചലിയാർ തീരത്തെ നിരവധി പ്രദേശങ്ങളിലെ മനുഷ്യസഹോദരന്മാരുടെ മൗലികാവകാശങ്ങൾക്കുവേണ്ടി അവിടങ്ങളിലെ പൊതുജനങ്ങൾ വർഷങ്ങളായി നടത്തിക്കൊണ്ടിരുന്ന വിശുദ്ധ സമരത്തിൽ ആദ്യമായി വിദ്യാർത്ഥി രംഗപ്രവേശമുണ്ടായതു് ഈ യൂനിയന്റെ നേതൃത്വത്തിലാണെന്ന മഹത്തായ നേട്ടം അനുസ്മരിച്ചുകൊണ്ടു്, ഫാക്ടറി അടച്ചുപൂട്ടി പ്രശ്നം മററൊരു രീതിയിൽ കൈകാര്യം ചെയ്യുനുള്ള ഫാക്ടറി മാനേജ്മെൻറിന്റെ ശ്രമങ്ങൾക്കെതിരെ നടക്കാൻ പോകുന്ന അന്തിമ സമരത്തിൽ ഈ കോളേജിലെ അടുത്ത വർഷത്തെ യൂനിയൻ സജീവ പങ്കാളിത്തം വഹിക്കുമെന്നു പ്രത്യാശിക്കുകയും ചെയ്യട്ടെ!

## സ്പോർട്സ് ദിനാഘോഷം

ജനു: 5നു ഉച്ചക്കു 2 മണിക്കു മാർച്ചു പാസ്റ്റോടുകൂടി ആരംഭം കുറിച്ച ഈ വർഷത്തെ സ്പോർട്സ് ദിനാഘോഷം തികച്ചും വർണ്ണശബളമായിരുന്നു 6-നു വൈ: സംഘടിപ്പിച്ച സമാപനചടങ്ങിൽ ഇൻറർനാഷണൽ ഫുട്ബോളർ ഡോ: മുഹമ്മദു് ബഷീർ മുഖ്യാതിഥിയായിരുന്നു. മൽസര പരിപാടികളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ മിസ്സിസ്സ് ബഷീർ വിതരണം ചെയ്തു.

## ഡിബേററ്

മഹോന്നതമായ ഈ കലാലയത്തിന്റെ മഹാന്മാരായ ശിൽപ്പികളിൽ പ്രമുഖനും, പണ്ഡിതനും, വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന മൗലാന അബുസ്സബാഹ് അഹ്മദലിസാഹിബിന്റെ സ്മാരകമായി വർഷം തോറും നടത്താറുള്ള ഇൻറർ കോളേജിയേററ് ഡിബേററ് ഈ വർഷം മാർച്ച് 8-നു കോളേജ് ഓഡിറേറാറിയത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

കലിക്കററു യൂനിവേഴ്സിററിയുടെ കീഴിലുള്ള വിവിധ കോളേജുകളെ പ്രതിനിധാനം ചെയ്തു കൊണ്ടുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

ഏററവും കൂടുതൽ പോയൻറുനേടി ഗുരുവയൂരപ്പൻ കോളേജ് ടീം അബുസ്സബാഹ് മെമ്മോറിയൽ ട്രോഫി കരസ്ഥമാക്കുകയും രണ്ടാം സ്ഥാനം ഫാറൂഖ് കോളേജിനു ലഭിക്കുകയും ചെയ്തു. ഏററവും നല്ല പ്രസംഗകൻ എന്ന ബഹുമതി ഗുരുവായൂരപ്പൻ കോജ് ടീമിലെ ശശിധരൻ കരസ്ഥമാക്കിയപ്പോൾ ഫാറൂഖ് കോളേജ്ടീമിലെ എ. അബ്ദുൽ റഊഫിനാണു രണ്ടാം സ്ഥാനം ലഭിച്ചതു്.

തുടർന്നു നടന്ന ചടങ്ങിൽ പി. മുഹമ്മദ് കുട്ടശ്ശേരി (പ്രിൻസിപ്പാൾ റൗസത്തുൽ ഉലൂം അറബിക് കോളേജ്) സ്മാരക പ്രഭാഷണം നടത്തുകയും വിജയികൾക്കു ട്രോഫി നൽകുകയും ചെയ്തു.

ബഹു: പ്രിൻസിപ്പാൾ, പ്രൊഫ: മുഹമ്മദ്ഹസൻ എന്നിവർ പ്രസംഗിച്ചു

## കായിക രംഗം

കായികരംഗത്തു ഫറൂക്ക് കോളേജ് ഈ വർഷം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച മികച്ച പ്രകടനം കാഴ്ചവെച്ചു. എന്നതു് ഈ അവസരത്തിൽ സന്തോഷപൂർവ്വം സ്മരിക്കട്ടെ!

ഫറൂഖ് കോളേജിന്റെ അഭിമാനമായ അഷ്റഫ് കെ. തൃശ്ശൂരിൽ വെച്ചു നടന്ന 'സന്തോഷ് ട്രോഫി' ഫുട്ബോൾ മത്സരത്തിൽ കേരളത്തിന്റെ ജഴ്സി അണിഞ്ഞു മികച്ച പ്രകടനമാണു കാഴ്ചവെച്ചതു്. അഷ്റഫ് ഇന്ത്യൻ ഫുട്ബാൾ പ്രേമികളുടെ മുഴുവൻ ശ്രദ്ധയും പിടിച്ചു പററിയെന്നതു ഈ കോളേജിലെ എല്ലാവർക്കും രോമാഞ്ചജനകമായ അനുഭവമത്രെ!

അഷ്റഫിനെ ഈ അവസരത്തിൽ ഹാർദ്ദവമായി അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യട്ടെ!

കൂടാതെ ഫറൂഖ് കോളേജ് ഫുട്ബോൾ ടീം ഈ വർഷം 'ബി' ഡിവിഷൻ മത്സരത്തിൽ റണ്ണേഴ്സ് അപ്പായി കോളേജിന്റെ അഭിമാനത്തിന്റെ ശിരസ്സിൽ മറെറാരു തൂവൽകൂടി തുന്നിച്ചേർത്തു.

ഈ അവസരത്തിൽ എല്ലാ ടീമുകളെയും, കായികരംഗത്ത് മിഴിവു കാണിച്ച് നമ്മുടെ കലാലയത്തിന്റെ മലർവാടിയിൽ പുത്തൻ പൂക്കൾ വിടർത്തിയ എല്ലാ വിദ്യാർത്ഥിനിവിദ്യാർത്ഥികളെയും, അവർക്ക് പ്രചോദനവും സഹകരണങ്ങളും നൽകിയ പ്രിയപ്പെട്ട അദ്ധ്യാപകരേയും അനുമോദനങ്ങളറിയിക്കട്ടെ!

## കലാസാഹിത്യരംഗം

സാമ്പത്തികമായി വളരെയധികം വിഷമമനുഭവിച്ചിട്ടും കലാരംഗത്തു ഫറൂക്ക് കോളേജിനു മികച്ച സംഭാവനകളർപ്പിക്കാൻ ഇവിടുത്തെ കലാകാരികളുടെയും കലാകാരന്മാരുടെയും സ്നേഹസദൃശമായ സഹകരണത്തോടെ ഈ യൂനിയനു സാധിച്ചു എന്നതു സംതൃപ്തിജനകമാണ്.

1982 ജന. 26, 27, 28 എന്നീ തിയ്യതികളിൽ I. Y A സംസ്ഥാന തലത്തിൽ കോഴിക്കോട്ടു വെച്ചു നടത്തിയ മത്സരങ്ങളിൽ കോളേജുവിഭാഗത്തിൽ നമ്മുടെ കലാലയം ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. വനം

വകുപ്പ സംഘടിപ്പിച്ച ഇൻറർ കോളേജിയററ് പെയിൻറിങ്ങ് മത്സരത്തിൽ നമ്മുടെ കോളേജിലെ ബഷീർ സമ്മാനാർഹനാവുകയുണ്ടായി.

സാഹിത്യ ചർച്ചകൾ സംഘടിപ്പിച്ചും കോളേജിലെ യുവ എഴുത്തുകാരുടെ സൃഷ്ടികൾ വായിക്കാനും നിരൂപണം ചെയ്യപ്പെടാനും വേദികളൊരുക്കിയും പ്രവർത്തിച്ച കോളേജ് സാഹിത്യവേദി സാഹിത്യ പോഷണത്തിനു ഏകിയ സംഭാവന ഇവിടെ അനുസ്മരിക്കുന്നു.

## രണ്ടാം മേഖലാ കലോത്സവം

1982 ഫെബ്രു: 25, 26, 27 എന്നീ തിയ്യതികളിൽ ചേളന്നൂർ എസ്. എൻ. കോളേജിൽ വെച്ചു നടത്തിയ കലിക്കററ് യൂനിവേഴ്സിററി രണ്ടാം മേഖലാ കലോൽസവത്തിൽ നൂറോളം വിദ്യാർത്ഥിനി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കിക്കൊണ്ടു നമ്മുടെ ഫൈനാർട്സ് അസോസിയേഷൻ ഫാറൂഖ് കോളേജിൻെറ അന്തസ്സിനു മകുടം ചാർത്തി.

നാടകരംഗത്തെ വിജയം പ്രത്യേകം ശ്രദ്ധേയമാണ്. മുഹമ്മദ് അബ്ദുൽനാസിർ എൻ. ടി.യുടെ നേതൃത്വത്തിലുള്ള നാടകകുടുംബം ജി ശങ്കരപ്പിള്ളയുടെ 'താവളം' എന്ന നാടകം അവതരിപ്പിച്ച ഒന്നാം സ്ഥാനം നേടി.

## യൂനിവേഴ്സിററി കലോത്സവം

1982 മാർച്ച് 13 മുതൽ 17 വരെ കോഴിക്കോട്ട വെച്ച നടന്ന കലിക്കററ് യൂനിവേഴ്സിററി കലോത്സവത്തിൽ പങ്കെടുത്ത നമ്മുടെ വിദ്യാർത്ഥിനി വിദ്യാർത്ഥികൾ തങ്ങളുടെ മികവുററ പ്രതിഭാവിലാസം കൊണ്ടു കോളേജിനു പുതിയ പ്രഭാവം പ്രദാനം ചെയ്തു,

താഴെ പറയുന്നവർ വിവിധ കലാസാഹിത്യമത്സരങ്ങളിൽ ഫാറൂഖ് കോളേജിനെ പ്രതിനിധീകരിച്ച സമ്മാനാർഹരായി.

**മുഹമ്മദ് അബ്ദുൽനാസിർ എൻ. ടി.**
**മൂന്നാംവർഷം ബി. എ. (ഇംഗ്ലീഷ്)**

കേരള യൂനിവേഴ്സിററിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'ഇൻറർ യൂനിവേഴ്സിററി കൾച്ചറൽ മീററി'ലേക്ക കലിക്കററ് യൂനിവേഴ്സിററിയെ പ്രതിനിധീകരിച്ച തെരഞ്ഞെടുക്കപ്പെട്ട ഏകവിദ്യാർത്ഥിയെന്നതിലുപരി കഴിഞ്ഞ രണ്ടുവർഷം തുടർച്ചയായി യൂനിവേഴ്സിററി കലോത്സവത്തിൽ മോണോആക്ടിനു ഒന്നാം സമ്മാനം നേടിയ ഈ കലാകാരൻ ഈ വർഷവും ഒന്നാം സ്ഥാനം നേടി ഹാട്രിക് വിജയം കരസ്ഥമാക്കി.

**അബ്ദുസ്സമദ് സമദാനി**
**ഫൈനൽ എം. എ. (ഇസ്ലാമിക് ഹിസ്റ്ററി)**

കുട്ടികൃഷ്ണമാരാർ മെമ്മോറിയൽ റോളിങ്ങ് ട്രോഫിക്കു വേണ്ടിയുള്ള അന്തർ കോളേജ പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനം നേടിയും പല സാംസ്ക്കാരിക സംഘടനകൾ നടത്തിയ പ്രസംഗമത്സരങ്ങളിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയും ഫാറൂക്ക് കോളജിൻെറ അന്തസ്സുയർത്തിപ്പിടിച്ച ഈ കലാകാരൻ ഈ വർഷം യൂനിവേഴ്സിററി കലോത്സവത്തിൽ ഉർദു പ്രബന്ധത്തിലും മലയാളപ്രസംഗത്തിലും ഒന്നാം സമ്മാനങ്ങൾ കരസ്ഥമാക്കി.

**സുരേഷ്കുമാർ പി. മൂന്നാംവർഷം ബി. എ. (ഇംഗ്ലീഷ്)**

'റോട്ടറി ക്ലബ്ബ് ഓഫ് കലിക്കററ്' അഖിലേന്ത്യാടിസ്ഥാനത്തിൽ കോഴിക്കോട്ട വെച്ച നടത്തിയ മത്സരങ്ങളിൽ മിമിക്രിയിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയതു കൂടാതെ I. Y. A, യൂനിവേഴ്സിററി കലോത്സവം എന്നിവയിലും ഒന്നാം സ്ഥാനത്തിനർഹനായി.

**രഞ്ജിത് നായർ**
**മൂന്നാംവർഷം ബി. എസ്. സി. (ഫിസിക്സ്)**

തുടർച്ചയായി യൂനിവേഴ്സിററി കലോൽസവത്തിൽ കഥാപ്രസംഗ മൽസരത്തിൽ ഒന്നാം സമ്മാനം നേടിയിട്ടുള്ള ഈ വിദ്യാർത്ഥി ഈ വർഷവും രണ്ടാം മേഖലാ കലോൽസവത്തിൽ ഒന്നാം സ്ഥാനവും മററു മൽസരങ്ങളിൽ സമ്മാനങ്ങളും കരസ്ഥമാക്കി.

**മുഹമ്മദ് കാസിം സി.**
**മൂന്നാംവർഷം ബി. എസ്. സി. (മാത്ത്സ്)**

I Y A സംസ്ഥാനതലത്തിൽ കോഴിക്കോട്ടു വെച്ചു നടത്തിയ മൽസരത്തിൽ കോളേജ് വിഭാഗത്തിൽ 'ഫാൻസി[ഡ്രസ്സി]'ൽ ഒന്നാം സ്ഥാനം നേടിയതിനു പുറമെ രണ്ടാം മേഖലാ കലോൽസവത്തിലും സമ്മാനാർഹനായി.

**കാസിം ടി. പി. മൂന്നാംവർഷം ബി. കോം**

കഴിഞ്ഞ വർഷത്തെ യൂനിവേഴ്സിററി കലോൽസവത്തിൽ ഗിത്താർ വായനയിൽ സമ്മാനം നേടിയ കാസിം ഈ വർഷവും സമ്മാനാർഹനായി.

## കലോൽത്സവത്തിലെ മററു വിജയികൾ

മുഹമ്മദു് എ. മൂന്നാംവർഷം ബി. എ (അറബിക്) — അറബിക് പ്രസംഗം (സീനിയർ)
ശബരിമണി കെ. വി. ഒന്നാംവർഷം ബി.എസ്.സി (ബോട്ടണി) — മലയാളം കവിത (സീനിയർ)
റസീന കെ. പി & പാർട്ടി — ഒപ്പന (സ്ത്രീ വിഭാഗം)

ഈ വർഷം നമ്മുടെ സരസ്വതീ ക്ഷേത്രത്തിൽ പുതിയ താളമേളങ്ങളോടെ കലയുടെ കേളികൊട്ടു മുഴക്കാൻ സഹകരിച്ച നമ്മുടെ എല്ലാ കലാകാരന്മാരെയും കലാകാരികളെയും ഇത്തരുണത്തിൽ അഭിനന്ദനത്തിൻെറ ഹാരമണിയിക്കട്ടെ!

## അസോസിയേഷൻ പ്രവർത്തനങ്ങൾ

സാധാരണയായി ഉൽഘാടനയോഗങ്ങളിൽ ആരംഭവും അന്ത്യവും കുറിക്കാറുള്ള അസോസിയേഷനുകൾ ഈ വർഷം ഉപകാരപ്രദമായ പരിപാടികൾ സംഘടിപ്പിച്ചു സജീവമാക്കുകയുണ്ടായി.

### ഇക്കണോമിക്സ്

ഇക്കണോമിക്സ് അസോസിയേഷൻ ഉൽഘാടനം പ്രൊഫ: പി. കെ. സുരേന്ദ്രനാഥ് (ചെയർമാൻ, ബോർഡ് ഓഫ് സ്ററഡി ഇൻ ഇക്കണോമിക്സ്, കലിക്കററ് യൂനിവേഴ്സിററി) നിർവ്വഹിച്ചു.

ഉൽഘാടനത്തിനുശേഷം വിവിധ കലാപരിപാടികൾ സദസ്സിനു ഹരം പകർന്നു.

### ഇസ്ലാമിക്സ്

ഇസ്ളാമിക്സ് അസോസിയേഷൻ പി. എ. മുഹമ്മദുകോയ (പത്രാധിപർ, ചന്ദ്രിക വീക്കിലി) ഉൽഘാടനം ചെയ്തു. അസോസിയേഷൻ വിജ്ഞാനപ്രദമായ പരിപാടികൾ കാഴ്ചവെക്കുകയുണ്ടായി.

### കോമേഴ്സ്

കോമേഴ്സ് അസോസിയേഷൻ ഉൽഘാടനം മൂർക്കോത്തു രാമുണ്ണി നിർവ്വഹിച്ചു. ശേഷം കലാപരിപാടികളും സംഘടിപ്പിക്കുകയുണ്ടായി.

### കെമിസ്ട്രി

കെമിസ്ട്രി അസോസിയേഷൻ ഉൽഘാടനം കെ. ടി വിജയമാധവൻ (പ്രസിഡണ്ട്, സൊസൈററി ഫോർ പ്രൊഡക്ഷൻ ഓഫ് എൻവിറോൺമെൻറ്, കേരള) നിർവ്വഹിച്ചു. മലിനീകരണ വിപത്തിനെക്കുറിച്ച് അദ്ദേഹം ഗഹനമായി പ്രതിപാദിച്ചു.

ഈ അസോസിയേഷൻെറ കീഴിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി.

### സുവോളജി

സുവോളജി അസോസിയേഷൻ ഉൽഘാടനം ഡോ. ജി. ഉണ്ണികൃഷ്ണക്കുറുപ്പ് നിർവ്വഹിച്ചു.

'Man animal relationship- an emerging field' എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം പ്രഭാഷണം നടത്തുകയുണ്ടായി. തുടർന്നു സുവോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ വക സ്ലൈഡുകൾ പ്രദർശിപ്പിക്കുകയുണ്ടായി.

## ബോട്ടണി

ബോട്ടണി അസോസിയേഷൻ ഉൽഘാടനം ഡോ. ബാലകൃഷ്ണൻ ഇട്ടയിടം നിർവ്വഹിക്കുകയുണ്ടായി. മലിനീകരണത്തെക്കുറിച്ച് ആർ. വി. ഇബ്രാഹിം പ്രഭാഷണം നടത്തുകയും ചെയ്തു.

അസോസിയേഷന്റെ കീഴിൽ ഒരു സ്റ്റഡി ടൂർ സംഘടിപ്പിക്കുകയുണ്ടായി.

## മാത്തമാററിക്സ്

മാത്ത്സ് അസോസിയേഷൻ ഉൽഘാടനം പ്രൊ. പരമേശ്വരൻ നമ്പീശൻ നിർവ്വഹിക്കുകയുണ്ടായി,

ഈ അസോസിയേഷന്റെ കീഴിൽ രണ്ടു സെമിനാറുകളും ഒരു ക്വിസ് മത്സരവും സംഘടിക്കപ്പെട്ടു.

## ഫിസിക്സ്

ഫിസിക്സ് അസോസിയേഷൻ ഉൽഘാടനം ഡോ: ജെ. ബി. പാലത്തിങ്കൽ നിർവ്വഹിച്ചു.

അസോസിയേഷന്റെ കീഴിൽ ഒരു ഇന്റർ കോളേജ് ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. വിവിധ കോളേജുകളെ പ്രതിനിധീകരിച്ച ടീമുകളിൽ സെന്റു ജോസഫ് കോളേജ് ദേവഗിരിയും പ്രോവിഡൻസ് വിമൻസ് കോളേജും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

അസോസിയേഷന്റെ കീഴിൽ ഒരു സെമിനാറും സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്.

## ഇംഗ്ലീഷ്

ഇംഗ്ലീഷ് അസോസിയേഷൻ ഉൽഘാടനം പ്രശസ്ത ഇംഗ്ലീഷു പണ്ഡിതനും ദേവഗിരി കോളേജ് ഇംഗ്ലീഷു വകുപ്പ് തലവനുമായ പ്രൊ: വിജയറാം നിർവ്വഹിച്ചു.

ഈ അസോസിയേഷൻ നടത്തിയ ലിസനിങ്ങ്ഹവർ പരിപാടിയിൽ ഷേക്സ്പീയറിയൻ നാടകങ്ങളും പ്രസിദ്ധങ്ങളായ കവിതകളും ആസ്വാദകരെ ആകർഷിക്കുകയുണ്ടായി.

## അഭിനന്ദനം

യൂനിവേഴ്സിററി സെനററിലേക്കു ഈ കോളേജിലെ വിദ്യാർത്ഥിയായ ടി. എ. ഖാലിദു് വീണ്ടും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. കലിക്കററ് യൂനിവേഴ്സിററിയുടെ ബോർഡ് ഫോർ അഡ്ജൂഡിക്കേഷൻ ഓഫ് ഗ്രീവൻസസിലേക്കു വിദ്യാർത്ഥി പ്രതിനിധിയായി അബ്ദുസ്സമദ് സമദാനിയെ വൈസ് ചാൻസലർ നോമിനേററു ചെയ്യുകയുമുണ്ടായി. കൂടാതെ യൂനിവേഴ്സിററി യൂനിയൻ തെരഞ്ഞെടുപ്പിൽ സി. മമ്മുട്ടി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയുമുണ്ടായി.

ഈ അവസരത്തിൽ മൂവരെയും അഭിനന്ദിക്കട്ടെ!

## കോളജ് വാർഷികദിനം

ഈ വർഷത്തെ കോളജ് വാർഷികദിനം മാർച്ച് 12 നു സാഘോഷം കൊണ്ടാടപ്പെട്ടു. ചടങ്ങിൽ ആർ. എം. മനക്കലാത്തു് (മാതൃഭൂമി) മുഖ്യാതിഥിയായിന്നു. പ്രിൻസിപ്പൽ സ്വാഗതവും വൈസ് ചെയർമാൻ നന്ദിയും പറഞ്ഞ യോഗത്തിൽ ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു.

പ്രൊഫ: എ. പി. പി. നമ്പൂതിരി, പ്രൊഫ: മുഹമ്മദ്ഹസൻ, കെ. എസ്. കുര്യൻ, ഫൈനാർട്സ് സെക്രട്ടറി എന്നിവർ സംസാരിക്കുകയുണ്ടായി.

സന്തോഷ് ട്രോഫി താരം അഷ്റഫിനു സ്പോർട്സ് കൗൺസിലിന്റെ ഉപഹാരം ചടങ്ങിൽ വെച്ചു മുഖ്യാതിഥി സമ്മാനിക്കുകയുണ്ടായി.

ചടങ്ങിനുശേഷം വിവിധ കലാപരിപാടികൾ അരങ്ങേറി.

## വരവു ചിലവുകൾ

ഈ വർഷത്തെ വരവുചിലവു കണക്കുകൾ ഇവിടെ അവതരിപ്പിക്കുന്നതിൽ എനിക്കതിയായ താല്പര്യമുണ്ടു്.

### വരവുകൾ

| | |
|---|---|
| യൂനിയൻ ഫണ്ടു എന്ന നിലക്കു ഓഫീസിൽ നിന്നും ലഭിച്ചതു് | 795-27 |
| ബെനിഫിററ് ഷോ വകയിൽ പലപ്പോഴായി ലഭിച്ചതു് | 5443--00 |
| യൂനിയൻ പ്രവർത്തകരിൽ നിന്നും | 193-74 |
| ആകെ | 6432-01 |

### ചെലവുകൾ

| | |
|---|---|
| യൂനിയൻ ഉദ്ഘാടനം & ഫൈനാർട്സ് ഡേ | 1704. 30 |
| I. Y. A, ബിസോണ & ചാലിയാർ | 641. 20 |
| ഫിലിം & തിയേററർ വാടക | 1531. 75 |
| അബൂസ്സബാഹ് ഡിബേററ് | 62. 00 |
| കോളേജ് വാർഷികദിനം | 2405. 26 |
| മററിനങ്ങൾ | 87. 50 |
| ആകെ | 6432. 01 |

## കൃതജ്ഞത

ഈ വർഷത്തെ യൂനിയൻ പല പ്രയാസങ്ങളും തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. യൂനിയൻ സംരഭങ്ങളിൽ ഞങ്ങളോടൊത്തു പ്രവർത്തിക്കുകയും പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തവരെ ഇവിടെ സ്മരിക്കട്ടെ!

നമ്മുടെ ബഹു: പ്രിൻസിപ്പൽ സന്ദർഭോചിതമായ ഉപദേശങ്ങൾ നല്കിയും പ്രവർത്തനങ്ങൾക്ക സർവ്വവിധ സഹായങ്ങൾ നല്കിയും ഞങ്ങളുടെ കൂടെ നിന്നപ്പോൾ സ്റ്റാഫ് അഡൈ്വസർ ഞങ്ങൾക്കവേണ്ടി ഗോദയിൽ ഇറങ്ങി പ്രവർത്തിക്കാനും സാമ്പത്തിക വിഷമമനുഭവിച്ച ഘട്ടങ്ങളിൽ വ്യക്തിപരമായി സഹായിക്കാനും മുന്നോട്ടുവന്നു. പ്രൊഫ. എ. പി. പി. നമ്പൂതിരി പരിപാടികൾക്ക അതിഥികളെ ക്ഷണിക്കുന്ന കാര്യത്തിലും മററും വേണ്ട സഹായങ്ങൾ ചെയ്തു സഹകരിക്കുകയുണ്ടായി.

കലാപ്രവർത്തനങ്ങൾക്ക പ്രോത്സാഹനം നല്കാൻ മുന്നോട്ടു വന്ന ശ്രീ കെ. എസ്. കുര്യൻ, വിദ്യാർത്ഥിനികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിൽ സഹകരിച്ച അദ്ധ്യാപികമാരായ സഫിയാബി, വിജയം, മുനവർ ലേഡീസ് ഹോസ്റ്റൽ ക്ലർക്ക് എന്നിവരും യൂനിയനു സഹായഹസ്തം നീട്ടിയവരത്രെ!

സുപ്രധാന ഘട്ടങ്ങളിൽ ഉപദേശനിർദ്ദേശങ്ങളും സഹായങ്ങളും നല്കിയ കോളേജ് ഓഫീസ് സൂപ്രണ്ട് ഗോവിന്ദൻകുട്ടി, ഇമ്പിച്ചി മുഹമ്മദ് എന്നിവരും സ്മരിക്കപ്പെടേണ്ട പ്രധാന വ്യക്തികളാണ്. നോൺ ടീച്ചിംഗ് സ്റ്റാഫിലെ മററു അംഗങ്ങളും വ്യത്യസ്തരംഗങ്ങളിൽ സഹകരിച്ചവരാണ് കൂടാതെ കക്ഷിബന്ധങ്ങൾ മറന്നു ഞങ്ങളോടു സഹകരിച്ച ഫാറൂക്ക് കോളേജിലെ പ്രിയപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികളുണ്ട്. അവരായിരുന്നു പ്രചോദനത്തിന്റെയും പ്രേരണയുടെയും കേന്ദ്രങ്ങൾ.

ഈ അവസരത്തിൽ എല്ലാവർക്കും ഹൃദയത്തിന്റെ ഉള്ളിൽ നിന്നുതിരുന്ന ഒരായിരം കൃതജ്ഞത രേഖപ്പെടുത്തക്കൊണ്ടു ഈ റിപ്പോർട്ടു സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

സെക്രട്ടറി
ഫാറൂഖ് കോളജ് യൂനിയൻ

# ഫാറൂഖ് കോളേജ് സാഹിത്യവേദി പ്രവർത്തന റിപ്പോർട്ട് 1981-82

1980 81ൽ സാഹിത്യ തല്പരരായ ഏതാനും വിദ്യാർത്ഥികൾ പ്രൊഫ: എ. പി. പി. നമ്പൂതിരിയുടെ മേൽനോട്ടത്തിൽ ഒത്തുചേർന്നതിന്റെ ഫലമായി രൂപംകൊണ്ട ഫാറൂഖ് കോളേജ് സാഹിത്യവേദിയുടെ രണ്ടാം വർഷത്തെ ഉത്ഘാടനയോഗം 26-8-81ന് നടന്നു. പ്രൊഫ: എ. പി. പി. നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആ യോഗത്തിൽ മനോജ് വി. എൻ കൺവീനറായും, പത്മനാഭൻ നമ്പൂതിരി പി., ദേവദാസ് പി, മുഹമ്മദ് മുസ്തഫ വി., നരേന്ദ്രൻ കെ. എം., രാഘവനുണ്ണി വി, മൊയ്തീൻകുട്ടി കെ, ഉപേന്ദ്രൻ സി. തുടങ്ങിയവർ ഭാരവാഹികളായും തെരഞ്ഞെടുക്കപ്പെട്ടു.

വേദിയെ സംബന്ധിച്ചിടത്തോളം കവിയരങ്ങ് ചർച്ചകൾ, സ്വന്തം കൃതികളുടെ അവതരണം, കയ്യെഴുത്ത് മാസിക, സ്ക്രിപ്റ്റ് മാഗസിൻ, സാഹിത്യ മത്സരങ്ങൾ, ക്വിസ് തുടങ്ങിയ പ്രവർത്തനങ്ങൾകൊണ്ട് നിരതമായിരുന്നു ഈ വർഷം.

30-9-81ന ചേർന്ന യോഗത്തിൽ കടമ്മനിട്ടക്കവിതകളുടെ അവതരണവും ആസ്വാദനവും നടന്നു. തദവസരത്തിൽ അദ്ധ്യക്ഷത വഹിച്ച അബ്ദുൾ സമദ്സമദാനി പരിപാടിയെ വിലയിരുത്തി സംസാരിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിലെ ശക്തിദുർഗ്ഗമായ ടി. എസ്. എലിയട്ടിനെക്കുറിച്ച് 14-10-81ന് ചേർന്ന യോഗത്തിൽ കെ. എം. നരേന്ദ്രൻ പ്രബന്ധം അവതരിപ്പിച്ചു. അദ്ധ്യക്ഷനായിരുന്ന എ. പി. പി. നമ്പൂതിരി എലിയട്ടിനേയും എലിയട്ടിന്റെ സാഹിത്യ പ്രവർത്തനങ്ങളെക്കുറിച്ചും സംസാരിച്ചു 4-11-81ന് കലികാലകവിതയെക്കുറിച്ചു നടന്ന പഠനത്തിൽ അദ്ധ്യക്ഷം വഹിച്ച മലയാളം അദ്ധ്യാപകൻ ശ്രീ. അഷ്റഫ് നടത്തിയ അവലോകനം വിജ്ഞാനപ്രദമായിരുന്നു. സ്വന്തം കൃതികളുടെ അവതരണത്തിൽ ശ്രദ്ധേയമായത് കെ. എം. നരേന്ദ്രൻ അവതരിപ്പിച്ച 'കുത്തബ്മീനാർ' എന്ന കാലിക പ്രാധാന്യമുള്ള ചെറുകഥയായിരുന്നു.

സാഹിത്യവേദി അച്ചടിച്ച് പ്രസിദ്ധീകരിച്ച 'ഹരിശ്രീ'യുടെ പ്രകാശനകർമ്മം കോളേജ് യൂണിയൻ ഉത്ഘാടനത്തോടനുബന്ധിച്ച് പ്രശസ്ത സാഹിത്യകാരനായ കോവിലൻ നിർവ്വഹിച്ചു. വേദി നടത്തിയ സാഹിത്യ ക്വിസ് മത്സരങ്ങളിൽ ഹരികൃഷ്ണൻ കെ. (കഥ, ക്വിസ്) സുരേഷ്ബാബു (കവിത) ശബരീമണി കെ. വി. (കവിത), വീനസ് എൽ. കെ. (ക്വിസ്), സുരേഷ്കുമാർ കെ. (ക്വിസ്) എന്നിവർ വിജയികളായി.

വേദിക്ക് അനുഗ്രഹാശിസ്സുകൾ നൽകിയ പ്രിൻസിപ്പലിനേയും, എന്നും രക്ഷാധികാരിയായി മാർഗ്ഗദർശനം നൽകിയ പ്രൊഫ. എ. പി. പി. നമ്പൂതിരിയേയും, എല്ലാ പ്രവർത്തനങ്ങളിലും ഒപ്പംനിന്ന് വേദിക്ക് കെട്ടുറപ്പും ഓജസ്സും നൽകിയ ശ്രീ. എൻ. പി. ഹാഫിസ്സ് മുഹമ്മദിനേയും ഈയവസരത്തിൽ അകമഴിഞ്ഞ കൃതജ്ഞതയോടെ സ്മരിക്കുന്നു; ഒപ്പം വേദിയുടെ കൂടെ നിന്ന എല്ലാ സുഹൃത്തുക്കളേയും.

മനോജ് വി. എൻ.
കൺവീനർ

# Physical Education Reports 81–82

K. Ashraf of II B. Com. of our college was a member of the Kerala State Football team that participated in the National Championship for Santhosh Trophy held at Trichur during Jan. 1982. This was the most remarkable and conspicuous feature of the year under review. It can be hoped legitimately that in the near future, he will be representing our country in the International Soccer Tournaments. The college football team that has been a force to reckon with among the colleges of Calicut University and among clubs of Kozhikode District Association for the last 10 years has once again proved to be the best team in 'B' Zone and also the best institution team in the Kazhikode District Association League tournaments as it has won the 'B' zone championship and it was runner in the 'B' Division foot-ball league tournaments this year.

In the Inter Collegiate Tournaments and Athletic Meet of the year college teams had participated except in Kabaddi. Mr. A. K. Abdul Basheer, II PDC has won first place in 10,000 mts. in the District Meet. The following players have represented the college in the events noted against their names during this year :

| | |
|---|---|
| 1 Ashraf K. II B.Com. | 1 State Senior and Junior Foot-ball teams<br>2 Calicut University Foot ball team. |
| 2 C. C. Aboobackerkoya, II PDC | 1 Calicut University Foot-ball team |
| 3 Ilyas Ahamed, II PDC | State Sub Junior Foot-ball team in 1981 and 1982 |
| 4 Ummerkoya, II PDC | State Sub Junior Foot-ball team in 1982 |
| 5 Rasiq, II PDC | State Sub Junior Foot-ball team in 1982 |
| 6 Neelakanth Banka, II B.Sc. Chem. | B. Zone Table Tennis and Tennis teams |
| 7 Andru, II B.Sc. | Selected to the Calicut University Ball Badminton team |
| 8 Sherif K. V. II PDC | Junior District Hockey team and was selected to the State Coaching Camp. |

In the house tournaments of this year AKBAR HOUSE won the championship in the Men and Women section and the same house has won the over all championship in games.

College Annual sports was conducted on 5th and 6th Feb. 82. AKBAR house and TIPPU house shared the men section team championship and the women's section TIPPU house won the championship. The over all championship in Atheletics was won by TIPPU house.

Individual championship in Men section was bracketed between Mr. Hamzath A. M., II B. Com. and Mr. A. K. Abudul Basheer, II PDC as each won 16 points to their credit,

Women individual championship was also bracketed between Miss Baby Girija and Miss Vilassini V. securing each 18 points to their credit.

Dr. Basheer, international footballer and captain of Indian Youth Team during 1975-76 was the Chief Guest of honour at the closing function on 6-2-82 and Mrs. Basheer gave away the trophies and certificates to the winners of the various events.

C. P. ABOOBACKER
(Head of the Dept. of Phy. Edn.)

# Round - UP of Hostel Activities — 1981-82

**A. L. M. Hostel:** The hostel started functioning on the 24th June 1981 Elections to the various posts of the Hostel union were held on.................

The Hostel union was inaugrated by Shri Kunhunni, the famous Malayalam poet on 20th October 1981. Shri Nellikode Bhaskaran inaugrated the fine arts club of the Hostel. The Break up sacial was held on 4th March 1982 Justice K. T. Thomas, District Judge, CALICU , was the chief guest. Shri Mammooty the noted cine artist delivered feliutation address on the occassion. The function was presided over try the Hostel warden.

**President's Hostel:** Soon after the election of office bearers of the Hostel union, an Administrative Committee was formed with Shri Mammad K. as General Secretary.

The hostel union was inaugrated by Prof. Mohammed Hassan on 20th August 81 A Fort nightly Quran class was conducted regularly, under the guidance of Syed Khudrathulla Saheb. The literary Association organised periodical meetings and discussed interesting topics of educational and cultural value.

Mr. Abdusamad of the Hostel played an active role in the B. Zone foot ball tournament. The ...... Islamic Bank run by the inmates of the Hostel functioned satissactorily through out the year. The Brak up social was held on 3rd March 82. Sri V. Kunhabdulla of the Eng. dept. was the Chief guest.

**Sir Syed Hostel:** Elections to the Hostel Council were conducted on 19-8-81 Sri Mohammed Ashraf (IIMcom.) and Mohammed Ali U. P. (III B Sc. Phy) were eleted as the chairman and General Secretary respectively.

The Hostel union was inaugrated on 25-8-81by Shri Thikkodiyan. In the Hostel day sports "Steel Mine" under the captaincy of **Jaleel K. K.** was the champions. Individual championship was awarded to Shri Syed Koya. Compititions for various literary items were conducted and prizes were awarded.

The Hostel day was conducted on 1-3-82 Shri Unnikrishnan Chelembra of Guru College, was the chief guest. Noted Film stars, Lalu Alex, and Ravindran also were present. Shri Mayanad Shabudeen, the Hostel warden presided. The lim light of the day was the Music concert by the Brothers Music club, Calicut and Disco Danee by Ali Vaba.

**Womens Hostel:** The hostel started functioning again after the summer vacation on 1st June 81. As usal there was a "mad" rush for admision. The total strength during the year was 194. The union was inaugurated by Sri. A. P. P. Namboodiri (Dept. of Malayalam).

The Independence Day and the Republic Day were celebrated in a "befitting" way. The hostel inmates participated in the Interzone and the programme conducted by Indian Youth Association (I. Y. A.) and they won prizes worth mentioning. The Hostel Day was celebrated on 18th Feb. '82 Dr. Sarada B. Nair, Deputy Director, Adult Education and Extension Services, Calicut, University, delivered the Validictory address. The Principal, the Supreme Warden, presided over the function.